**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4197** **28-06-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ പെർമിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കെ-സ്മാർട്ട് ആപ്പിലൂടെയാണോ നിർവഹിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **അല്ല. സംസ്ഥാനത്തെ നഗരസഭകളിൽ മാത്രമാണ് നിലവിൽ കെ-സ്മാർട്ട് ആപ്ലിക്കേഷൻ മുഖേന കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്തു വരുന്നത്. (സർക്കാരിന്റെ 21/12/2023- ലെ തസ്വഭവ.ഇജി1/2023/തസ്വഭവ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ 2024 ജനവരി 1 മുതൽ സംസ്ഥാനത്തെ നഗരസഭകളിൽ എല്ലാ വിധത്തിലുള്ള കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളും കെ-സ്മാർട്ടിലെ ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ വഴിയാണ് സ്വീകരിച്ചു വരുന്നത്.) ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ സങ്കേതം സോഫ്റ്റ്വെയർ മുഖേനയാണ് കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സ്വീകരിച്ചു വരുന്നത്.** |
| (ബി) | പ്രസ്തുത ആപ്പിലൂടെയല്ലാതെ മറ്റേതെല്ലാം മാർഗ്ഗങ്ങളിലൂടെ കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് നൽകുന്ന നടപടിക്രമങ്ങൾ നിർവഹിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | **ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ "സങ്കേതം" സോഫ്റ്റ്വെയർ മുഖേനയാണ് കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സ്വീകരിച്ചു വരുന്നത്.** |
| (സി) | അപേക്ഷ നൽകിയാൽ പരമാവധി എത്ര ദിവസത്തിനകം പെർമിറ്റ് നൽകണമെന്ന വിവരം ലഭ്യമാക്കാമോ; | (സി) | **2019-ലെ കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 12, ചട്ടം 13 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമായ ഉത്തരവ് വഴി സെക്രട്ടറി അനുമതി നൽകേണ്ടതും, അപാകതകൾ ഉള്ള അപേക്ഷകൾ നിരസിക്കുന്ന പക്ഷം ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.** |
| (ഡി) | നിശ്ചിത കാലാവധിയ്ക്കകം പെർമിറ്റ് നൽകിയിട്ടില്ലെങ്കിൽ കെട്ടിട ഉടമയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതിന് അനുമതിയുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | **2019 ലെ കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 14(1), 14(2) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം , അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ സെക്രട്ടറി ഒരു കെട്ടിടനിർമ്മാണ സൈറ്റ് അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കുകയോ അല്ലെങ്കിൽ നിർമ്മാണ നിർവ്വഹണത്തിന് അനുമതി നൽകുകയോ അത് നിരസിക്കാതിരിക്കുകയോ ചെയ്താൽ അപേക്ഷകന്റെ രേഖാമൂലമായ അഭ്യർത്ഥനയിൽ പഞ്ചായത്തിന് അത്തരം അംഗീകാരം അല്ലെങ്കിൽ അനുമതി നൽകണമോ അല്ലെങ്കിൽ വേണ്ടയോ എന്നു തീരുമാനിക്കാവുന്നതാണ്. ഇത്തരത്തിലുള്ള രേഖാമൂലമായ അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ അങ്ങനെയുള്ള അംഗീകാരമോ അനുവാദമോ നൽകണമോ വേണ്ടയോ എന്ന് ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്നില്ലെങ്കിൽ അങ്ങനെയുള്ള അംഗീകാരവും അനുമതിയും നൽകിയതായി കരുതാവുന്നതും അപേക്ഷകന് ആക്റ്റിന്റെയോ ചട്ടങ്ങളുടെയോ അതിന്റെ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ബൈലോകളുടെയോ യാതൊരു വ്യവസ്ഥകളേയും ലംഘിക്കാത്ത തരത്തിൽ നിർമ്മാണം ആരംഭിക്കാവുന്നതുമാണ്.** |
| (ഇ) | നിശ്ചിത കാലാവധിയ്ക്കകം പെർമിറ്റ് നൽകിയിട്ടില്ലെങ്കിൽ കെട്ടിട ഉടമയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഇ) | **ഇല്ല** |
| (എഫ്) | മതിയായ കാരണങ്ങളില്ലാതെ | (എഫ്) | **മതിയായ കാരണങ്ങളില്ലാതെ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് വൈകിക്കുകയാണെങ്കിൽ പ്രസ്തുത വിഷയം പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ, 1960- ലെ കേരള സിവിൽ സർവ്വീസ്** |

| | | | |
|---|---|---|---|
| | കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് വൈകിക്കുകയാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | | **(തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം വകുപ്പ് തല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ജി) | ഇപ്രകാരം ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ജി) | **മതിയായ കാരണങ്ങളില്ലാതെ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു** |

| ജില്ല | തദ്ദേശസ്വയംഭരണ സ്ഥാപനം | ജീവനക്കാരുടെ പേര്, തസ്തിക | സ്വീകരിച്ച അച്ചടക്ക നടപടി |
|---|---|---|---|
| കൊല്ലം | ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് | 1) ശ്രീ. അലക്സ് (നിലവിലെ ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ)<br><br>2) ശ്രീ. രാജു.എം (മുനിസിപ്പൽ സെക്രട്ടറി, അടൂർ)<br><br>3)ശ്രീ.ബിജു.സി.നായർ (നിലവിലെ സെക്രട്ടറി)<br><br>4)ശ്രീമതി. ജയകുമാരി. എൽ (അസിസ്റ്റന്റ് എഞ്ജിനിയർ) | ക്രമ നം 3 മുതൽ 5 വരെയുള്ള ജീവനക്കാർക്കെതിരെ 1960- ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 16 പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. ശ്രീ. അലക്സ് , ശ്രീ.രാജു.എം എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് വേണ്ടി സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. |
| | കൊല്ലം കോർപ്പറേഷൻ, കിളികൊല്ലൂർ ഡിവിഷൻ | ശ്രീമതി.ഷീജ.എ.കെ. (അസിസ്റ്റന്റ് എൻജിനീയർ) | കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും )ചട്ടങ്ങൾ, ചട്ടം 16 പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി.ഷീജ.എ.കെ സമർപ്പിച്ച പ്രതിവാദ പത്രിക അഭിപ്രായ റിപ്പോർട്ടിനായി കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| മലപ്പുറം | വേങ്ങര ഗ്രാമപഞ്ചായത്ത് | 1) ശ്രീ.നിഷാന്ത് ഐ.പി.( ക്ലർക്ക്)<br><br>2) ശ്രീ.ബിജോയ് കുമാർ വി.പി. ( ക്ലർക്ക്)<br><br>3) ശ്രീമതി.വിജിമോൾ. (ഓവർസിയർ, നിലവിൽ എടരിക്കോട് ഗ്രാമപഞ്ചായത്ത്)<br><br>4) ശ്രീമതി. അനലാബെന്നി (ഓവർസിയർ, നിലവിൽ വാഴക്കാട് ഗ്രാമപഞ്ചായത്ത്)<br><br>5) ശ്രീമതി. ആത്തിക്ക (ഓവർസിയർ, നിലവിൽ ഊരകം ഗ്രാമപഞ്ചായത്ത്)<br><br>6) ശ്രീമതി.ആര്യ.വി.ബി. (നിലവിൽ നന്നംമുക്ക് | 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും & അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും സെക്ഷൻ ക്ലർക്ക് ശ്രീ.നിഷാന്ത് ഐ.പി,ശ്രീ.ബിജോയ് കുമാർ വി.പി എന്നിവരെ യഥാക്രമം കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്, ബെള്ളൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലേക്ക് സ്ഥലം മാറ്റി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയർ)<br>7) ശ്രീമതി.സ്മിത.എൽ. (ജൂനിയർ സൂപ്രണ്ട്)<br>8) ശ്രീമതി.രാജശ്രീ.ടി.ആർ. (സെക്രട്ടറി, നിലവിൽ കോട്ടയം ജില്ലയിൽ തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്) | |
| കോഴിക്കോട് | കോഴിക്കോട് കോർപ്പറേഷൻ, ബേപ്പൂർ സോണൽ | 1) ശ്രീമതി.അഭ.വി.എസ്. ( അസിസ്റ്റന്റ് എഞ്ചിനീയർ)<br>2) ശ്രീ.ബൈജു.സി.എച്ച്. ( ഓവർസിയർ)<br>3) ശ്രീ.നവീൻ രവി കെ. (ഓവർസിയർ)<br>4) ശ്രീ.ഗോപിനാഥൻ നായർ. (ഓവർസിയർ)<br>5) ശ്രീമതി.ലൈല സന്ധ്യ. (അസിസ്റ്റന്റ് എഞ്ചിനീയർ)<br>6) ശ്രീ.ശശിധരൻ.സി. (അസിസ്റ്റന്റ് എഞ്ചിനീയർ)<br>7) ശ്രീ.ഹക്കീം പി കെ. (ഓവർസിയർ)<br>8) ശ്രീ.മുഹമ്മദ് ഇക്ബാൽ. (ഓവർസിയർ)<br>9) ശ്രീ.ജോൺ ഫ്രാൻസിസ് ജി പുളിക്കൽ. (അസിസ്റ്റന്റ് എഞ്ചിനീയർ)<br>10) ശ്രീമതി.ഷീബ.കെ. (അസിസ്റ്റന്റ് എഞ്ചിനീയർ)<br>11) ശ്രീമതി.കുമാരി.എം. (ഓവർസിയർ)<br>12) ശ്രീ.ശശി.എം.എൻ. (അസിസ്റ്റന്റ് എഞ്ചിനീയർ)<br>13)ശ്രീ.ഗണേശൻ.എം.ടി. (അസിസ്റ്റന്റ് എഞ്ചിനീയർ) | ടിയാളുകൾക്ക് EWA2-45/2021 dt 21/07/2021 നമ്പരായി സർക്കാർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിട്ടുണ്ട്.ഇതിൽ ശ്രീ.ശശിധരൻ.സി, ഓവർസിയർ, ശ്രീ.എം.എൻ.ശശി, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി.കുമാരി.എം, ഓവർസിയർ, ശ്രീ.എം.ടി.ഗണേശൻ, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീ.ഗോപിൻഗോപിനാഥൻ നായർ, ഓവർസിയർ എന്നിവർ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ട്.ടിയാളുകൾ ഒഴികെ കുറ്റപത്രം കൈപ്പറ്റിയ മറ്റെല്ലാ ഉദ്യോഗസ്ഥരും എതിർവാദ പത്രിക സമർപ്പിച്ചിട്ടുള്ളതും ടി എതിർവാദ പത്രികകളിൻമേൽ കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർ അഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് LSGD/PD/24449/2023-VIGD5 തീയതി 09/11/2023 നമ്പരായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| | കോഴിക്കോട് ബേപ്പൂർ കോർപ്പറേഷൻ, സോണൽ | 1) ശ്രീ.ആസിഫ് അലി. (അസിസ്റ്റന്റ് എഞ്ചിനീയർ)<br>2) ശ്രീ. മുഹമ്മദ് ഇക്ബാൽ. (ഓവർസിയർ) | ടിയാളുകൾക്ക് സർക്കാരിൽ നിന്നും EWA2/9/2022/LSGD തീയതി 18/02/2022 നമ്പരായി ചീഫ് എഞ്ചിനീയർ മുഖേന കുറ്റപത്രം/ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ